12611
28/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് -സംയോജിത ശിശുവികസന സേവന പദ്ധതി- മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം- ചേർത്തല നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി അഡീഷണൽ പ്രോജക്ടിലെ 27-ാം നമ്പർ അങ്കണവാടിയെ കൂടി മാതൃകാ അങ്കണവാടിയാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം 683/2014/സാനീവ തീയതി, തിരുവനന്തപുരം ,18.11.2014

---

പരാമർശം : 1) സ.ഉ(സാധാ)നം. 23/12/സാക്ഷേവ തീയതി 16.01.2012.
2) സ.ഉ(സാധാ)നം. 621/14/സാനീവ തീയതി 14.10.2014.
3) സാമൂഹ്യനീതി ഡയറക്ടറുടെ 14.10.2014 ലെ ഐസിഡിഎസ്.എ7 31396/13 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി മാറ്റുന്നതിനും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം.14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2. സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ എസ്.ഡി.എഫും വിനിയോഗിച്ച് ഒരു അങ്കണവാടിയ്ക്ക് 23.75 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ സ്ഥലങ്ങളിൽ എം.എൽ.എമാർ ശുപാർശ ചെയ്തിട്ടുള്ള 100 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

3. ചേർത്തല നിയോജകമണ്ഡലത്തിലെ ബന്ധപ്പെട്ട എം.എൽ.എ ശുപാർശ ചെയ്ത, ചേർത്തല മുൻസിപ്പാലിറ്റിയിലെ 27-ാം നമ്പർ അങ്കണവാടിയെ കൂടി മാതൃകാ അങ്കണവാടിയാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം ഭരണാനുമതിയ്ക്കായി പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി 14907 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്ന് 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 6.75 ലക്ഷം രൂപയും ചേർന്ന് 23.75 ലക്ഷം രൂപ (ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) ചെലവഴിച്ച് 10 സെന്റ് സ്ഥലം ലഭ്യമായ ചേർത്തല നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി അഡീഷണൽ പ്രോജക്ടിൽ ചേർത്തല മുൻസിപ്പാലിറ്റിയിലെ 27-ാം നമ്പർ അങ്കണവാടിയെ കൂടി മാതൃകാ അങ്കണവാടിയാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എൻ.ബി.കോമളവല്ലി അമ്മ,**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ